Council for not giving effect to the instructions issued by the Government to see that, in making appointments, the sparsely represented communities should be given adequate representation in Government service; and if explanations have been called for from them;

(b) whether their explanations will be printed and placed on the Table; and if no explanations will be called for from them;

(c) whether it is not the policy of the Government to see that adequate representation as far as possible is being given to those communities which are sparsely represented in Government service;

(d) whether the Government have issued any orders or instructions to the Heads of Departments in the last three years advising to give effect to the afore-mentioned policy; and if so,

(e) whether a copy of it will be printed and placed on the Table?

Rama Varmha Tampuran.—(a) No.

(b) No answer is called for in view of the answer to (a).

(c) Yes.

(d) Government have not issued any general order of the kind. They have, however, issued an order on a memorial submitted by the Ezhuvas. A copy of it is appended. (*Vide Appendix II.*)

(e) Vide answer to (f).

Small-pox in Cranganur.

389. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—(a) കൊടുങ്ങല്ലൂരിൽ മസൂരി പരക്കെ വ്യാപിച്ചുവരുന്ന വിവരം ഗവമ്മേണ്ടിന്നറിയാമൊ?

(b) ഈ പകൎച്ച വ്യാധികളെ തടുക്കുവാനും രോഗികളെ ചികത്സിപ്പാനുമായി എന്തെല്ലാം പ്രവൃത്തിച്ചുവരുന്നുണ്ടു?

(c) ധനു ഫ്രം-ാംനു- മുതൽ കുംഭം ഫ്രം-ാംനു- വരെ എത്രപേൎക്ക കുത്തിവെപ്പു (വാക്സിനേഷൻ) നടത്തീട്ടുണ്ടു?

(d) ഈ കാലത്തിനിടക്ക കുത്തിവെപ്പു നടത്തീട്ടില്ലാത്ത കൊടുങ്ങല്ലൂരിലെ സ്കൂളുകളുടെ പേർ പറയുമൊ?

(e) പുതിയ ലിംഫ് (Lymph) കൊണ്ടു കുത്തിവെപ്പു നടത്തുന്നതിന്നു പുറമെ മസൂരിയെ തടുക്കുവാനും സുഖപ്പെടുത്തുവാനും ഉതകുന്ന ഹോമിയോപ്പതി മരുന്നുകളും വാങ്ങി മസൂരി ബാധിച്ചിട്ടുള്ള എല്ലാ വില്ലേജുകളിലും ആവശ്യം അനുസരിച്ചു സൌജന്യമായി കൊടുക്കുന്നതിന്നു വില്ലേജ് ഉദ്യോഗസ്ഥന്മാരെ എല്പിക്കുവാൻ ഗവമ്മേണ്ടു ആലോചിക്കുന്നുണ്ടൊ?

ദിവാൻ ബഹാദൂർ ഡാക്ടർ വി. വട്ടീസ്സ—(a) അറിയാം.

(b) ഇതിനെ തടുക്കുവാൻ പ്രധാനമായി മസൂരി കുത്തിവെക്കൽ മുറക്കു നടത്തിവരുന്നുണ്ടു. മസൂരി രോഗം പിടിപ്പെട്ട രോഗികളെ കിടത്തി ചികത്സിപ്പിക്കുവാനായി ഒരു സാംക്രമിക രോഗശാല എപ്പോഴും പ്രെയ്യിട്ടുമുണ്ടു.

(c) ൪൫൫ പേരെ കുത്തിവെച്ചിട്ടുണ്ടു.

LIBRARY ARCHIVES Kerala Legislative Assembly

(d) പ്രസ്തുതകാലത്തു് കാര സ്കൂൾ മാത്രമെ കുത്തിവെപ്പു നടത്തീട്ടുള്ളു, ബാക്കി സ്കൂളുകളിലെല്ലാം അതിനു മുമ്പായിതന്നെ കുത്തിവെപ്പു നടത്തീട്ടുണ്ടു്

(e) മസൂരി രോഗത്തെ തടയുന്നതിനു കുത്തിവെപ്പിനോളം പ്രയോജനകരമായി മറ്റു യാതൊരു ഏർപ്പാടുമില്ല. രോഗികളെ ചികത്സിക്കുന്നതിനായീ രോഗശാലയും ഏർപ്പെടുത്തീട്ടുണ്ടു്. ഹോമിയോപ്പതി മരുന്നു വിതരണം ചെയ്യുന്ന കാര്യം ആവശ്യമുണ്ടെന്നു കാണുന്നില്ല,

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—ഈ സാനിട്ടറി ഇൻസ്പെക്ടർ കൊട്ടങ്ങല്ലൂർ താലൂക്കിലെ വില്ലേജുകൾക്കു പറമെയുള്ള ഏതെല്ലാം വില്ലേജുകളിൽ കൂടി ജോലി നോക്കുന്നുണ്ടു്?

ദിവാൻ ബഹദൂർ ഡാക്ടർ വി. വട്ടീസ്സു്.—വില്ലേജുകൾ ഏതെല്ലാമെന്നു പറയാൻ തല്ക്കാലം നിവൃത്തിയില്ല. ചില സ്കൂളുകളുടെ പേരു റിപ്പോർട്ടു ഡയറിയിൽ പറയുന്നുണ്ടു്. അവ ചേന്ദമംഗലം, ഇടവിലങ്ങു്, പാലിയം മതലായവയാണു്.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—കൊടുങ്ങല്ലൂരേയ്ക്കു ഒരു പ്രത്യേക വാക്സിനേറ്ററെ നിയമിക്കാൻ വിരോധമുണ്ടൊ?

ദിവാൻ ബഹദൂർ ഡാക്ടർ വി. വട്ടീസ്സു്.—വിരോധമില്ല.

മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—എന്നാൽ ഉടനെ അതുപ്രകാരം ചെയ്യാൻ വിരോധമുണ്ടൊ?

ദിവാൻബഹദൂർ ഡാക്ടർ വി. വട്ടീസ്സു്.—ഉടനെ ചെയ്യാം.

Fisheries.

390. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ.—With reference to the answer to the question No. 174 of this session.

(a) യാതൊരു ഏർപ്പാടും ചെയ്യാതിരിപ്പാൻ കാരണം പറയുമൊ,

(b) ൧൯൦൨, ൧൯൦൩, ൧൯൦൪ ഈ കൊല്ലങ്ങളിൽ മൈനർ ഫിഷറി സ്വകയിൽ ഗവർമ്മെണ്ടിനു സിദ്ധിച്ചിട്ടുള്ള ആദായം എത്രയാണെന്നു പറയുമൊ?

(c) കായലോരങ്ങളിൽ താമസിക്കുന്ന സാധുക്കളുടെ രക്ഷക്കായി ഗവർമ്മെണ്ടു എന്തെല്ലാം പ്രവൃത്തിച്ചിട്ടുണ്ടു്?

മിസ്റ്റർ ടി. എം കൃഷ്ണമേനോൻ.—(a) നടപ്പിലുള്ള ഏർപ്പാടിനെ ഭേദപ്പെടുത്തുവാൻ ഇപ്പോൾ ഗവർമ്മെണ്ടു വിചാരിക്കുന്നില്ല.

(b) ൧൯൦൨-ൽ ൨,൪൭൫ ക,
൧൯൦൩-ൽ ൨,൦൪൩ ക,
൧൯൦൪-ൽ ൨,൧൨൩ ക, ൫ ണ,

(c) ചോദ്യം വിശദമല്ലാത്തതിനാൽ മറുപടി പറവാൻ സാധിക്കുന്നതല്ല,

Letter from the Cranganur Member.

391. മിസ്റ്റർ എ. കെ. കുഞ്ഞുമൊയ്തീൻ,—(a) കൊടുങ്ങല്ലൂർ മെമ്പർ ദിവാൻജി അവർകൾക്കു ൧൯൦൩ വൃശ്ചികം ൯-ാംന-യിൽ അയച്ച കത്തു് കിട്ടുകയുണ്ടായൊ,

(b) ആ കത്തിനു വല്ല മറുപടിയും കൊടുക്കുകയുണ്ടാകയാ, ഇല്ലെങ്കിൽ കാരണമെന്തു്.

(c) ആ കത്തിൽ ആവശ്യപ്പെട്ടിട്ടുള്ള ഓരൊ കാര്യത്തെകുറിച്ചും ഗവർമ്മെണ്ടിന്റെ തീരുമാനമെന്തെന്നു സദയം പറയുമൊ?

മിസ്റ്റർ വി, കെ, അരവിന്ദാക്ഷമേനോൻ—(a) ഉവ്വു്,

(b) ൧൯൦൩ ഏപ്രിൽ ൧൫-ാംന- ആ കത്തിനു മറുപടി "ചീഫ് എഞ്ചിനിയർ മെമ്പർക്കു് അയച്ചിട്ടുണ്ടു്;

(c) ടി മറുപടിയിൽ പറഞ്ഞിട്ടുള്ളതിനെപറ്റി ഗവർമ്മെണ്ടു നടപടി നടത്തുന്നുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly